DISPATCHED
On 7/4/22

30/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 201(2)/2017**/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 186/എസ്.ഐ.സി-ജി 6/2017)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രോഹിണി കുമാർ വി.വി,
TC 28/442, CPRA-74,
ചമ്പക്കട-നാലു മുക്ക് റോഡ്,
പാൽക്കുളങ്ങര, പേട്ട പോസ്റ്റ്,
തിരുവനന്തപുരം - 695 024.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, പുതുശ്ശേരി വെസ്റ്റ് വില്ലേജ് ഓഫീസ്.
2. അപ്പീൽ അധികാരി & അഡീഷണൽ തഹസിൽദാർ, താലൂക്ക് ഓഫീസ്, പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31/05/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02/08/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09/09/2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06/01/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06/01/2017 |
| ഹിയറിംഗ് നടന്ന തീയതി | 10/03/2022- ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ . രോഹിണി കുമാർ വി.വി 06/01/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 201(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 31/05/2016 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 29/06/2016-ന് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ടി വില്ലേജിലെ ബ്ലോക്ക് 36, റീ സർവെ നമ്പർ 292/2, 3, 4-ൽപ്പെട്ട ഭൂമി (തണ്ടപ്പേർ നമ്പർ 546) വില്ലേജ് രേഖകൾ പ്രകാരം ശൂലപാണിവാര്യരുടെ മകൻ കൃഷ്ണൻകുട്ടി വാര്യർ, സൂര്യചിറ, മഠത്തിൽ വാര്യം, പുതുശ്ശേരി(പി.ഒ) എന്നയാളുടെ പേരിലാണെന്നും ടി സർവെ നമ്പറുകളുടെ BTR പകർപ്പ്/തണ്ടപ്പേർ പകർപ്പ് ലഭിക്കുന്നതിന് 262/- രൂപ വീതം ഓഫീസിൽ അടച്ച് കൈപ്പറ്റാവുന്നതാണെന്നും, ടി വസ്തു പോക്കു വരവു ചെയ്തതായി വില്ലേജ് രേഖകളിൽ കാണുന്നില്ലെന്നുമാണ്.

4. 02/08/2016 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് 09/09/2016-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 04/02/2017 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽപ്പെട്ട സൂര്യച്ചിറ ഗ്രാമ ഗണപതി ക്ഷേത്രത്തിനു തൊട്ടു തെക്കു സൂര്യച്ചിറ വാര്യം നിന്ന വളപ്പിന്റെയും, പ്രസ്തു വളപ്പിന്റെ പടിഞ്ഞാറ് മഠത്തിൽ വാര്യം നിൽക്കുന്ന വളപ്പിന്റെ വടക്കു സ്ഥിതി ചെയ്യുന്ന വടക്കേ തൊടികയുടെയും ഇന്നത്തെ കൈവശാവകാശികളുടെയും കരം അടക്കുന്നവരുടെയും വിവരങ്ങളും മറ്റും അറിയുന്നതിനായി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 36, റീസർവ്വെ നമ്പർ 292/2, 3, 4 എന്നിവയിൽപ്പെട്ട ഭൂമി (തണ്ടപ്പേർ നമ്പർ 546) വില്ലേജ് രേഖകൾ പ്രകാരം ശൂലപാണി വാര്യർ മകൻ കൃഷ്ണൻകുട്ടി വാര്യർ, സൂര്യച്ചിറ, മഠത്തിൽ വാര്യം, പുതുശ്ശേരി (പി.ഒ) എന്നയാളുടെ പേരിലാണെന്നും, ടി സർവ്വെ നമ്പറുകളുടെ ബി.ടി.ആർ പകർപ്പ്/തണ്ടപ്പേർ പകർപ്പ് ലഭിക്കുന്നതിനായി 262/- രൂപ വീതം അടച്ച് പകർപ്പ് കൈപ്പറ്റാവുന്നതാണെന്നും, ടി വസ്തു പോക്കുവരവ് ചെയ്തതായി വില്ലേജ് രേഖകളിൽ കാണുന്നില്ലെന്ന് മറുപടി നൽകിയിട്ടുള്ളതും, എന്നാൽ പ്രസ്തുത മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് കക്ഷി 02/08/2016-ന് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ടി അപ്പീലപേക്ഷയിന്മേൽ 25/08/2016-ന് കക്ഷിയെ വാദം കേൾക്കുവാൻ ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 22/08/2016-ലെ കക്ഷിയുടെ അപേക്ഷ

പ്രകാരം വാദം കേൾക്കുന്ന തീയതി 06/09/2016-ലേക്ക് മാറ്റി നൽകിയിരുന്നുവെന്നും 06/09/2016-ന് കക്ഷി ഹാജരായി നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 31/05/2016-ലെ അപേക്ഷയിൽ ആവശ്യപ്പെട്ട സൂര്യച്ചിറ വാര്യം നിന്ന സ്ഥലത്തിന്റെയും വടക്കേ തൊടികയുടെയും വിവരങ്ങളാണ് വേണ്ടതെന്ന് അറിയിച്ചിരുന്നുവെന്നും അപേക്ഷകനെ കേട്ടതിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് പുതുശ്ശേരി വെസ്റ്റ് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ/പകർപ്പുകൾ വില്ലേജ് ഓഫീസിൽ ലഭ്യമെങ്കിൽ സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കി അനുവദിക്കുവാൻ പബ്ലിക് ഇൻഫോർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി ഉത്തരവാക്കിയിട്ടുള്ളതാണെന്നുമാണ്.

വിവരാവകാശ നിയമത്തിലെ അദ്ധ്യായം II വകുപ്പ് 4-ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടുള്ളതും, ആയതിൽ എല്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും, അപ്പീൽ അധികാരിയുടെയും പേര് വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണെന്നും, കൂടാതെ ടി കാര്യാലയത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടുള്ളതാണെന്നുമാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ 11/03/2022-നു സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാന് നൽകിയിട്ടുള്ളതാണെന്ന് കമ്മീഷന് ബോധ്യമാകുന്ന സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV